# മുസ്‌ലിമാകുക എന്നാൽ

അബു ഹംന, കാരത്തൂർ

സ്രഷ്ടാവ് കഴിഞ്ഞാൽ പിന്നെയെല്ലാം സൃഷ്ടികളാണ്. ഏകനായ അല്ലാഹുവിന്റെ പടപ്പുകൾ. മനുഷ്യന് മുമ്പാണ് ആകാശഭൂമികളും, മലക്കുകളും, ജിന്നുകളും സൃഷ്ടിക്കപ്പെട്ടത് എന്നാണ് ക്വുർആനിൽ നിന്നും ഗ്രഹിക്കാനാകുന്നത്. മനുഷ്യസൃഷ്ടിക്ക് മുൻപ് അല്ലാഹു മലക്കുകളുമായി നടത്തിയ സംഭാഷണം ക്വുർആൻ പറയുന്നു:

''ഞാനിതാ ഭൂമിയിൽ ഒരു ഖലീഫയെ നിയോഗിക്കാൻ പോകുകയാണെന്ന് നിന്റെ നാഥൻ മലക്കുകളോട് പറഞ്ഞ സന്ദർഭം. അവർ പറഞ്ഞു: അവിടെ കുഴപ്പമുണ്ടാക്കുകയും രക്തം ചിന്തുകയും ചെയ്യുന്നവരെയാണോ നീ നിയോഗിക്കുന്നത്? ഞങ്ങളാകട്ടെ നിന്റെ മഹത്വത്തെ പ്രകീർത്തിക്കുകയും നിന്റെ പരിശുദ്ധിയെ വാഴ്ത്തുകയും ചെയ്യുന്നവരല്ലോ. അവൻ (അല്ലാഹു) പറഞ്ഞു: നിങ്ങൾക്കറിഞ്ഞുകൂടാത്തത് എനിക്കറിയാം.'' (2:30)

അതെ, മഹത്തായ ദൈവീകോദ്ദേശ്യത്തോടെ സൃഷ്ടിക്കപ്പെട്ട ഒട്ടേറെ സവിശേഷതകളുള്ള മനുഷ്യൻ സ്വയം അറിയാനത്രേ ആദ്യം തുനിയേണ്ടത്. എന്നാൽ, അവന്റെ ചപലതകളും, അബലതകളും, സൃഷ്ടിപരവും സത്താപരവുമായ സവിശേഷതകളും പരിമിതികളും എല്ലാം അതിമനോഹരമാംവിധം വരച്ചുകാട്ടുന്ന ദൈവിക വെളിപാടായ പരിശുദ്ധ ക്വുർആനിനെ പരിഗണിക്കാതെ ഈ ഉദ്യമം സാധ്യമല്ല. എന്നുമാത്രമല്ല ദൈവ നിശ്ചയാധിഷ്ഠിതമുള്ള ഒരു പൂർണനായ പച്ചമനുഷ്യനാകാൻ ഈ അന്യൂന മാർഗദർശനത്തെ അനുധാവനം ചെയ്യാതെ തരവുമില്ല.

ദൈവത്താൽ ആദരിക്കപ്പെട്ടവനാണ് മനുഷ്യൻ. ശ്രേഷ്ഠമായ കാര്യങ്ങളാണ് അവനിൽ നിന്ന് സ്രഷ്ടാവ് താത്പര്യപ്പെടുന്നത്. ''തീർച്ചയായും നാം ആദം സന്തതികളെ ആദരിക്കുകയും, കടലിലും കരയിലും അവരെ നാം വാഹനത്തിൽ കയറ്റുകയും, വിശിഷ്ടമായ വസ്തുക്കളിൽ നിന്നും നാമവർക്ക് ഉപജീവനം നൽകുകയും, നാം സൃഷ്ടിച്ചിട്ടുള്ളവരിൽ മിക്കവരേക്കാളും അവർക്കു നാം സവിശേഷമായ ശ്രേഷ്ഠത നൽകുകയും ചെയ്തിരിക്കുന്നു.'' (17:70)

മനുഷ്യനെ സൃഷ്ടിച്ച് ആദ്യമായി താമസിപ്പിച്ചത് സ്വർഗത്തിലായിരുന്നു. ''ആദമേ നീയും നിന്റെ ഇണയും സ്വർഗത്തിൽ താമസിക്കുകയും അതിൽ നിങ്ങൾ ഇച്ഛിക്കുന്നിടത്ത് നിന്ന് സുഭിക്ഷമായി ഇരുവരും ഭക്ഷിച്ചുകൊള്ളുകയും ചെയ്യുക. എന്നാൽ ഈ വൃക്ഷത്തെ നിങ്ങൾ സമീപിച്ചുപോകരുത്. എങ്കിൽ നിങ്ങളിരുവരും അതിക്രമകാരികളായിത്തീരും എന്നും നാം ആജ്ഞാപിച്ചു'' (2:35)

മർത്യന്റെ പൊരുളറിയുന്ന സ്രഷ്ടാവ് ശത്രുവിന് വഴിപ്പെട്ട് അവൻ അക്രമിയാകാതിരിക്കാൻ നൽകിയ ഒന്നാമത്തെ അധ്യാപനമായിരുന്നു അത്. എന്നാൽ അവന്റെ സൃഷ്ടി പ്രകൃതിയെ ചൂഷണം ചെയ്യുന്നതിൽ ആ ശത്രു – പിശാച് – വിജയം നേടിയപ്പോൾ അല്ലാഹു മനുഷ്യനെ അവന്റെ ആ പ്രഖ്യാപിത ശത്രുവുമൊത്ത് ഭൂമിയിലേക്കയച്ചുവെങ്കിലും തിരികെ സ്വർഗം നേടാനും ശത്രുഭയം കൂടാതെ ഭൂമിയിൽ കഴിയാനുതകുന്നതുമായ മാർഗം നൽകുകയുണ്ടായി.

''നാം പറഞ്ഞു: നിങ്ങളെല്ലാവരും അവിടെ നിന്നിറങ്ങിപ്പോകുക. എന്നിട്ട് എന്റെ പക്കൽനിന്നുള്ള മാർഗദർശനം നിങ്ങൾക്ക് വന്നെത്തുമ്പോൾ എന്റെ ആ മാർഗദർശനം പിൻപറ്റുന്നവരാരോ അവർക്ക് ഭയപ്പെടേണ്ടതില്ല. അവർ ദുഃഖിക്കേണ്ടിവരികയുമില്ല.'' (2:38)

മനുഷ്യർക്ക് മാത്രമല്ല ജിന്നുവർഗത്തിനും വിജയം വരിക്കാൻ പടച്ചവന്റെ മാർഗദർശനം പിൻപറ്റുക തന്നെയാണ് പോംവഴിയെന്ന് ഇവിടെനിന്നും ഗ്രഹിക്കാവുന്നതാണ്.

അതെ നമ്മുടെ രക്ഷിതാവ് നമുക്കായി താത്പര്യപ്പെടുന്നത് സ്വർഗം തന്നെയാണ്. ''അല്ലാഹുവാകട്ടെ അവന്റെ ഹിതമനുസരിച്ച് സ്വർഗത്തിലേക്കും, പാപമോചനത്തിലേക്കും ക്ഷണിക്കുന്നു'' (2:221)

ആദ്യ മനുഷ്യസൃഷ്ടിയായ ആദമിന് അല്ലാഹു സകല പേരുകളും പൊരുളുകളും പഠിപ്പിച്ചു. അവയെ ഓർത്തുവെക്കാൻ, വിശദീകരിക്കാൻ, എഴുതി രേഖയാക്കാൻ, വായിക്കാൻ, ആസ്വദിക്കാൻ, നല്ലതും ചീത്തയും വേർ തിരിച്ചറിയാൻ, എല്ലാം മനുഷ്യനെ പ്രാപ്തനാക്കി.

''നീ വായിക്കുക. നിന്റെ രക്ഷിതാവ് പേനകൊണ്ട് പഠിപ്പിച്ചവനായ ഏറ്റവും വലിയ ഔദാര്യവാനാകുന്നു. മനുഷ്യന് അറിയാത്തത് അവൻ പഠിപ്പിച്ചിരിക്കുന്നു.'' (96: 3–5).

''അവനെ (മനുഷ്യനെ) അവൻ വ്യാഖ്യാനം (ബയാൻ) പഠിപ്പിച്ചു.'' (55:4)

ഈ ദൈവിക വർത്തമാനത്തിന് നമ്മുടെ ശരീരം തന്നെ സാ ക്ഷിയാണ്. മനുഷ്യ മസ്തിഷ്കത്തെ ഇതര ജീവികളുടേതുമായി താരതമ്യപഠനത്തിന് വിധേയമാക്കുന്ന ആർക്കും കാണാനാകുന്ന അനിഷേധ്യ സത്യമത്രേ ഇത്.

ഭൂമിയിൽ ജീവിക്കുന്ന മനുഷ്യനുവേണ്ടി പടച്ചവൻ ചെയ്തുവെച്ച മഹത്തായ മറ്റൊരു സംഗതി ഈ ആവാസ വ്യവസ്ഥയിലുള്ളതിനെയാകമാനം പഠനവിധേയമാക്കുവാനും അനുഭവഭേദ്യമാക്കുവാനും കഴിയുമാറ് മനുഷ്യന് കീഴൊതുക്കി നൽകി എന്നതാണ്.

''ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതുമെല്ലാം തന്റെ വകയായി അവൻ നിങ്ങൾക്ക് അധീനപ്പെടുത്തിത്തരികയും ചെയ്തിരിക്കുന്നു. ചിന്തിക്കുന്ന ജനങ്ങൾക്ക് അതിൽ പല ദൃഷ്ടാന്തങ്ങളുമുണ്ട്.'' (45:13)

ഈ ദൃഷ്ടാന്തങ്ങളുടെ പൊരുൾതേടി അന്വേഷണങ്ങളും ഗവേഷണങ്ങളുമായി മുന്നോട്ടുപോകുന്ന മനുഷ്യൻ പക്ഷേ, അവയുടെ ദൈവികോദ്ദേശ്യം പലപ്പോഴും പരിഗണിക്കാറില്ല. സ്രഷ്ടാവിന്റെ മാഹാത്മ്യം തിരിച്ചറിഞ്ഞ് 'അല്ലാഹു അക്ബർ' എന്ന് പ്രകീർത്തിക്കേണ്ടതിന്നും ''ഞങ്ങളുടെ രക്ഷിതാവേ നീ നിരർത്ഥകമായി സൃഷ്ടിച്ചതല്ല ഇത്'' എന്ന ബോധ്യം വരേണ്ടതിന്നും പകരം ഇവിടെ, ശാസ്ത്രമെന്ന് അവൻ പേരിട്ടുവിളിക്കുന്ന രംഗത്താണവന്റെ അഹന്തയും നിഷേധവും അതിരുവിടുന്നത് !!.

അറിവാളന്മാരായി അഹങ്കരിച്ചു കഴിയാനാണോ അല്ലാഹു മനുഷ്യർക്കീവിധം ജീവിതം സമ്മാനിച്ചത്? ഈ ചോദ്യത്തിന് 'അതെ' എന്നുത്തരം നൽകുംവിധമാണ് നമ്മുടെ ചെയ്തികളെങ്കിലും പടച്ചവന്റെ താത്പര്യം അതല്ല തന്നെ. ആയതിനാലാണവൻ മനുഷ്യവാസമുള്ളിടത്തേക്കെല്ലാം ജീവിതമാർഗദർശനങ്ങൾ നൽകി പ്രവാചകരെ അയച്ചത്.

നമ്മുടെ പ്രഖ്യാപിത ശത്രുവിനെ തറപറ്റിച്ച് അവൻമൂലം നമുക്ക് നഷ്ടമായ ശാശ്വത സു ഖാനുഭൂതിയുടെ ഗേഹം തിരികെ നൽകാൻ ഒരു പരീക്ഷണത്തിന്റെ ഇടവേള നൽകിയിരിക്കുകയാണിവിടെ. ഈ പരീക്ഷണവേളയിലെ പ്രവർത്തനങ്ങൾ പക്ഷെ മനുഷ്യത്വത്തിന്റെ മാനം കാക്കുന്നതായിരിക്കണം. അതിനേറ്റവും അനുയോജ്യമായ പാത അഥവാ 'സ്വിറാത്വുൽ മുസ്തഖീം' അവൻ തന്നെ നമുക്ക് കാണിച്ചുതരികയും ചെയ്തിരിക്കുന്നു എന്നതിനാൽ മറ്റ് മാർഗങ്ങളെല്ലാം വഴികേടുകളാണെന്ന തിരിച്ചറിവ് അനിവാര്യമാണെന്നുമാത്രം.

''നിങ്ങളിൽ ആരാണ് കൂടുതൽ നന്നായി പ്രവർത്തിക്കുന്നവൻ എന്ന് പരീക്ഷിക്കാൻവേണ്ടി മരണവും ജീവിതവും സൃഷ്ടിച്ചവനാകുന്നു അവൻ'' (67:2) എന്ന് അല്ലാഹു പറയുമ്പോൾ ഈ 'നല്ല പ്രവർത്തനം' എന്നത് എങ്ങനെയാകണമെന്നും അത് നല്ലതെന്ന് ഗണിക്കപ്പെടാനുള്ള മാനദണ്ഡമെന്ത് എന്നും തീരുമാനിച്ചിട്ടുള്ളത് അവൻ തന്നെയാണ് എന്നതിനാൽ ആ അധ്യാപനങ്ങളിൽ നിന്നും വേറിട്ടൊരു രീതിശാസ്ത്രം തേടാവതല്ല.

അല്ലാഹു പറഞ്ഞിരിക്കുന്നു: ''ജിന്നുകളെയും മനുഷ്യരെയും എന്നെ (മാത്രം) ആരാധിക്കുവാൻ വേണ്ടിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല. ഞാൻ അവരിൽ നിന്ന് ഉപജീവനമൊന്നും ആഗ്രഹിക്കുന്നില്ല. അവർ എനിക്ക് ഭക്ഷണം നൽകണമെന്നും ഞാൻ ആഗ്രഹിക്കുന്നില്ല.'' (51:55–57)

വളരെ കണിശവും ഏറെ പ്രൗഢവുമാണാ വാക്കുകൾ. എല്ലാം നൽകി ഒട്ടേറെ സാധ്യതകളോടെ താൻ സൃഷ്ടിച്ച് പരിപാലിക്കുന്ന സൃഷ്ടികളിൽ നിന്നും അല്ലാഹു ഒന്നും ആഗ്രഹിക്കുന്നില്ല. അവനു മാത്രം അർഹതപ്പെട്ടതൊഴികെ. തന്റെ ശാശ്വത വിജയത്തിനനിവാര്യമായ പരമമായ സത്യത്തെ ബുദ്ധിപൂർവം തിരിച്ചറിഞ്ഞ് തദനുസാരം പ്രവർത്തിച്ച വിശിഷ്ട സൃഷ്ടികൾക്ക് അത്യുത്തമമായ സമ്മാ നം നൽകുവാനത്രെ അത്.

മലക്കുകളും ആകാശഭൂമികളിലുള്ള മറ്റ് സകല സൃഷ്ടികളും അല്ലാഹുവിനെ സ്തുതിക്കുന്നു, പ്രകീർത്തിക്കുന്നു. എന്നാൽ മനുഷ്യനും ജിന്നുകളും അവനെ ആരാധിക്കുന്നത് അവർക്ക് നൽകപ്പെട്ട സൃഷ്ടിസവിശേഷതകളെ ആധാരമാക്കിയാണ്. നന്മ–തിന്മകളെ വ്യവച്ഛേദിച്ചുകൊണ്ടാണ്. വലിയൊരു പരീക്ഷണത്തിന്റെ തീച്ചൂളയിൽ നിന്നുകൊണ്ടാണ്. മനുഷ്യരെ സൃഷ്ടിക്കുവാനുള്ള തീരുമാനത്തെ സംബന്ധിച്ച് മലക്കുകൾ പറഞ്ഞ ഉപരിസൂചിത അഭിപ്രായത്തിന് (2:30) അല്ലാഹു പറഞ്ഞ മറുപടി ഇവിടെ ചേർത്തുവായിക്കുമ്പോൾ നമ്മുടെ ആരാധനയുടെ പ്രത്യേകത നമുക്ക് ബോധ്യമാകും.

മനുഷ്യർക്ക് അല്ലാഹു നിർദേശിച്ച എല്ലാ ആരാധനകളും അനുഷ്ഠാനങ്ങളും ജീവിതക്രമവുമെല്ലാം അവരെ യഥാർത്ഥ മർത്യരാക്കി നിലനിർത്താൻ ആവശ്യമായവയാണ്. സംശുദ്ധമായ സം സ്കൃതിയുടെ ആധാരശിലകളാണവ. ദൗർബല്യങ്ങളിലെ വീഴ്ചകളിൽ പ്രായശ്ചിത്തം തേടി വീണ്ടും പൂർണത നേടാനുള്ളതാണ്. നമസ്കാരത്തിലും, നോമ്പിലും, ഹജ്ജിലും, സക്കാത്തിലുമെല്ലാം ഈ മനുഷ്യത്വ രൂപീകരണം ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതായി അല്ലാഹു വ്യക്തമാക്കിയിരിക്കുന്നു:

‘‘തീർച്ചയായും നമസ്കാരം നീചവൃത്തിയിൽ നിന്നും നിഷിദ്ധ കർമത്തിൽ നിന്നും തടയുന്നു. അല്ലാഹുവെ ഓർമിക്കുക എന്നത് ഏറ്റവും മഹത്തായ കാര്യം തന്നെയാകുന്നു.’’ (29:45)

‘‘പരിശുദ്ധി നേടിയവൻ വിജയിച്ചു’’ എന്ന പ്രഖ്യാപനത്തിനുശേഷം അല്ലാഹു പറഞ്ഞത് ‘‘ത ന്റെ രക്ഷിതാവിന്റെ നാമം സ്മരിക്കുകയും എന്നിട്ട് നമസ്കരിക്കുകയും ചെയ്തവൻ’’ (87:14–15) എന്നാണ്.

വ്രതം നിർബന്ധമാക്കിയതിനെക്കുറിച്ച് ക്വുർആൻ പറഞ്ഞു: ‘‘നിങ്ങൾ ദോഷബാധയെ സൂക്ഷിക്കുവാൻ വേണ്ടിയത്രെ അത്’’ (2:183)

‘‘അവരെ ശുദ്ധീകരിക്കുകയും അവരെ സംസ്കരിക്കുകയും ചെയ്യാനുതകുന്ന ദാനം അവരുടെ സ്വത്തുക്കളിൽനിന്ന് നീ വാങ്ങുകയും.....’’ (9:103) സക്കാത്തുകൊണ്ട് സംസ്കരണവും ശുദ്ധീകരണവും ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതായി ഇവിടെ നാം വായിക്കുന്നു.

ഉത്തമനായ ഒരു മനുഷ്യനാര് എന്ന അന്വേഷണത്തിന്റെ പ്രത്യക്ഷ ഉത്തരം നൽകുന്ന ആരാധനകളാണ് ഹജ്ജും വ്രതവും. എല്ലാ മ്ലേച്ഛതകളും വെടിഞ്ഞ് ദൈവത്തിന് കീഴൊതുങ്ങിയ ഉത്തമ ദാസന്മാരേയാണ് ഈ വേളകളിൽ നാം കാണുന്നത്. അറഫാ സംഗമത്തിലെ മനുഷ്യ സഞ്ചയത്തെ ചൂണ്ടി അല്ലാഹു മലക്കുകളോട് അവരുടെ മനുഷ്യരെ സംബന്ധിച്ചുള്ള അഭിപ്രായപ്രകടനത്തിലെ ശരികേട് ബോധ്യപ്പെടുത്തുന്നതാണെന്ന് നബി(സ്വ) പഠിപ്പിക്കുന്നു.

മനുഷ്യൻ ഭൂമിയിൽ ഒരു മനുഷ്യനായാണ് ജീവിക്കേണ്ടത്. മാലാഖയായോ, ദൈവ സമാനനായോ അല്ല. അത്തരം അസാധ്യമായ അതിരുകടക്കലുകൾ എല്ലാംതന്നെ നാട്യവും ദൈവ കോപത്തിന്നു കാരണവുമാണെന്ന തിരിച്ചറിവ് നാം നേടേണ്ടതുണ്ട്. ആത്മീയ കച്ചവടക്കാരുടെയും പൗരോഹിത്യ ചൂഷകരുടെയും കപടമുഖം വലിച്ചുകീറാൻ ഈ ബോധം അനിവാര്യമാണ്. മനുഷ്യരെ തന്നെയാണ് അല്ലാഹു മാതൃകാപുരുഷരാക്കി തെരഞ്ഞെടുത്തതെന്ന കാര്യം പ്രത്യേകം ചിന്തനീയമാണ്. ദൈവീകാധ്യാപനം പകർന്നു നൽകി ദൈവത്തെ യഥോചിതം ഉൾക്കൊണ്ട് അവന്റെ ഉത്തമ ദാസരായി ഏറ്റവും മാതൃകാപരമായി ജീവിക്കുകയായിരുന്നു പടച്ചവൻ തെരഞ്ഞെടുത്ത പ്രവാചകരെല്ലാം.

ആത്മസമർപ്പണത്തിലൂടെ മാനുഷികതയുടെ മാതൃക തീർത്ത ഋജുമാനസനായിരുന്നു ഇ ബ്റാഹിം നബി(അ). അദ്ദേഹത്തെക്കുറിച്ച് ‘ഹനീഫൻ മുസ്ലിമൻ’ എന്ന ക്വുർആനിന്റെ പ്രയോഗം ഏറെ ശ്രദ്ധേയമാണ്. മനുഷ്യകുലത്തിന്റെ ആദർശപിതാവായി അല്ലാഹു തെരഞ്ഞെടുത്ത ആ മഹാനുഭാവന്റെ ജീവിതം പ്രശ്നസങ്കീർണമായിരുന്നു. ജീവിത പ്രതിസന്ധികളിൽ എങ്ങനെ പ്രതികരിക്കുന്നു എന്ന മഹത്തായ പരീക്ഷണത്തെ ദൈവത്തിലേക്ക് കൂടുതൽ അടുത്തുകൊണ്ട് നേരിട്ട ആ ഉത്തമ വ്യക്തിത്വത്തെ അല്ലാഹു തന്റെ ചങ്ങാതി എന്നു വിളിച്ചു. പ്രവാചക ശ്രേണിയുടെ അന്ത്യം കുറിക്കുമ്പോൾ അല്ലാഹു മുഹമ്മദ് നബി(സ്വ)യോട് കൽപിച്ചു.

‘‘പറയുക: തീർച്ചയായും എന്റെ രക്ഷിതാവ് എന്നെ നേരായ പാതയിലേക്ക് നയിച്ചിരിക്കുന്നു. വക്രതയില്ലാത്ത മതത്തിലേക്ക്. നേർമാർഗത്തിൽ നിലകൊണ്ട ഇബ്റാഹീമിന്റെ ആദർശത്തിലേക്ക്. അദ്ദേഹം ബഹുദൈവാരാധകരിൽ പെട്ടവനായിരുന്നില്ല.’’ (6:161)

‘‘പിന്നീട്, നേർവഴിയിൽ (വ്യതിചലിക്കാതെ) നിലകൊള്ളുന്നവനായിരുന്ന ഇബ്റാഹീമിന്റെ മാർഗത്തെ പിന്തുടരണം എന്ന് നിനക്ക് ഇതാ നാം ബോധനം നൽകിയിരിക്കുന്നു. അദ്ദേഹം ബഹുദൈവാരാധകരിൽ പെട്ടവനായിരുന്നില്ല.’’ (16:123)

മുസ്ലിമാകുക എന്നതിന്റെ താത്പര്യം മനുഷ്യരെ സംബന്ധിച്ചിടത്തോളം തങ്ങളുടെ അസ്തിത്വപരമായ സവിശേഷതകളെ പരിഗണിച്ചുകൊണ്ട് ദൈവനിർദേശാനുസാരം അവന് കീഴൊതുങ്ങി ജീവിക്കുക എന്നതാണ്. നമ്മുടെ ആദർശപിതാവിനെപ്പോലെ. അത് പിൻപറ്റാൻ കൽപിക്കപ്പെട്ട മുഹമ്മദ് നബി(സ്വ)യുടെ ജീവിതമാതൃകയെപ്പോലെ. കലവറകൂടാതെ അവിടുത്തെ സ്വഹാബികൾ പകർത്തിയ രീതിശാസ്ത്രം സ്വീകരിച്ച് ദുനിയാവിന്റെ കബളിപ്പിക്കുന്ന വിഭവങ്ങൾക്കിടയിൽ ഒരു വഴിയാത്രക്കാരനെപ്പോലെ നാം കഴിയുക. മരണം സുനിശ്ചിതമായും വരാനുണ്ട്. ക്വബറിൽ നമുക്ക് കഴിയേണ്ടതുണ്ട്. പിന്നീടുണർന്നെണീറ്റ് നമ്മുടെ രക്ഷിതാവിങ്കൽ ഒറ്റക്കൊറ്റക്ക് നിൽക്കേണ്ടതുണ്ട് – അവന്റെ വിചാരണയെ നേരിടാൻ – ആയതിനാൽ,

‘‘പറയുക: തീർച്ചയായും എന്റെ പ്രാർത്ഥനയും, എന്റെ ആരാധനാകർമങ്ങളും, എന്റെ ജീവിതവും, എന്റെ മരണവും ലോക രക്ഷിതാവായ അല്ലാഹുവിനുള്ളതാകുന്നു. അവന് പങ്കുകാരേയില്ല. അപ്രകാരമാണ് ഞാൻ കൽപിക്കപ്പെട്ടിരിക്കുന്നത്. (അവന്) കീഴ്പെടുന്നവരിൽ (മുസ്ലിംകളിൽ) ഞാൻ ഒന്നാമനാണ്.’’ (6:162–163)